LIBRARY ARCHIVES Kerala Legislative Assembly

കൊതുക് നിവാരണത്തിനുള്ള ധനസഹായം

101 (4536) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊതുക് നിവാരണത്തിനുള്ള പ്രാധാന്യംനൽകി മലിനീകരണം നിർമ്മാർജ്ജനം ചെയ്യാനുള്ള പ്രവർത്തനഫലങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര ആരോഗ്യ വകുപ്പിൽനിന്നും, ലോകാരോഗ്യസംഘടനയിൽ നിന്നും പകർച്ചവ്യാധി നിരോധനത്തിനുവേണ്ടി ഏതെങ്കിലുംതരത്തിലുള്ള സഹായം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാർ ഇതുവരെയായി പ്രസ്തുത ആവശ്യത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) മറ്റേതെല്ലാം വകുപ്പുകൾ പ്രസ്തുത പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊതുകുനിവാരണത്തിന്റെ ഭാഗമായി ചവർനിക്ഷേപ സ്ഥാനങ്ങളിൽ നിന്നും അന്നന്നുതന്നെ മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു. അടഞ്ഞുകിടക്കുന്ന ഓടകളിൽനിന്നും കാഷ്വൽ വർക്കേഴ്സിനെ നിയോഗിച്ച് മണ്ണ് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊതുക് ലാർവ പെരുകുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് മസ്കിറ്റോ ലാർവിസൈഡുകൾ ഉപയോഗിച്ച് സ്പ്രേയിംഗ് ചെയ്യുന്നു. കൂടാതെ കൊതുക് നിവാരണത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഫോഗിംഗ് നടത്തുന്നു. പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി റസിഡൻഷ്യൽ അസോസിയേഷനുകളുടേയും കുടുംബശ്രീ പ്രവർത്തകരുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി ഡെങ്കിപ്പനി വ്യാപകമായി പടർന്നുപിടിക്കുന്നത് തടയാനും മരണനിരക്ക് ഗണ്യമായി കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഇല്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമാണെങ്കിൽ നിശ്ചിത തുക ചെലവാക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ആരോഗ്യവകുപ്പ്, ടോട്ടൽ സാനിട്ടേഷൻ എന്നീ വകുപ്പുകളുടെയും ഹോമിയോപ്പതി-ആയുർവ്വേദ ഡയറക്ടറേറ്റുകൾ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ് എന്നിവരുടേയും കൂട്ടായ സഹകരണം ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്.